**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 773** **26-07-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് 145.541 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 14 ഘടകങ്ങൾ വീതമുള്ള രണ്ട് ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിന് 40.95 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. ആദ്യ ഘട്ടത്തിലെ പതിനാല് ഘടകങ്ങളിൽ 5 ഘടകങ്ങളുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി കരാറുകാരുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. രണ്ട് ഘടകങ്ങൾക്ക് കരാറുകാരെ തെരഞ്ഞെടുത്തുകൊണ്ടുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. 7 ഘടകങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു. രണ്ടാം ഘട്ടത്തിന് 37.212 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിലെ 14 ഘടകങ്ങളിൽ 7 ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. രണ്ട് ഘടകങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 5 ഘടകങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ബി) | ടെണ്ടർ നടപടികൾ ആരംഭിക്കുവാനുള്ള എൻ.ഒ.സി.യും മറ്റു ഡോക്യുമെന്റുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ ഘടകങ്ങളും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ടെണ്ടർ ഘട്ടത്തിലുള്ള ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ